പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2139</u> <u>13/06/2019-ൽ മറുപടിക്ക്</u>

## <u>ഹോമിയോ ഫാർമസിസ്റ്റുകളുടെ നിയമനം</u>

**<u>ചോദ്യം</u>**

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

**<u>മറുപടി</u>**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളാണ് ഫാർമസിസ്റ്റ് ഇല്ലാതെ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 101 |
| (ബി) | ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ ട്രിബ്യൂണൽ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതേവരെ എത്ര ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. അതേ സമയം ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുവാൻ ബഹു. ട്രൈബ്യൂണൽ ഉത്തരവായിരുന്നു. തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പുതിയ പത്ത് ഹോമിയോ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | കഴിഞ്ഞിട്ടില്ല. |
| (ഡി) | ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ പ്രമോഷൻ വഴി നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി & ഇ) | ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റ് തസ്തികയുടെ സ്പെഷ്യൽ റൂൾ 06.07.2018-ന് നിലവിൽ വരുന്നതിന് മുൻപുള്ള എല്ലാ ഫർമസിസ്റ്റ് ഒഴിവുകളും PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>2019 ലെ ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ കെ.എസ്. & എസ്.എസ്.ആർ. ഭാഗം-2 , ചട്ടം-5-ന് താഴെയുള്ള കുറിപ്പ് (3)-ന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾ പ്രകാരമുള്ള 1:1 റേഷ്യോ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയുടെ Cadre Strength-ൽ പ്രയോഗിക്കുമ്പോൾ പ്രൊമോഷൻ മുഖേന നികത്തുന്നതിന് അർഹമായ cadre strength-നേക്കാൾ കുറവാണ് പ്രൊമോഷൻ മുഖേന |
| (ഇ) | എങ്കിൽ ഇതുമൂലം ഹോമിയോ ഫാർമസിസ്റ്റ് പി.എസ്.സി. റാങ്ക് ജേതാക്കളുടെ ഭാവി തകർക്കുന്ന അവസ്ഥക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | നിയമിതരായവരുടെ നിലവിലെ cadre strength എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കപ്പെടുന്നതുവരെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിന് മാറ്റി വയ്ക്കുവാൻ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | എൻ.എച്ച്.എം ന് കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ പി.എസ്.സി. അംഗീകരിച്ച യോഗ്യതയായ എൻ.സി.പി./സി.സി.പി. കോഴ്സ് പാസായവരുടെ സേവനമാണോ നൽകി വരുന്നത്; ഇവിടെ മതിയായ യോഗ്യത ഇല്ലാത്തവർ സേവനം ചെയ്തു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ബന്ധപ്പെട്ട പഞ്ചായത്താണ് ഫാർമസിസ്റ്റിനെ നിയമിക്കുന്നത്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | നിലവിലുള്ള ഹോമിയോ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ജി) | അർഹമായ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ.